(ബി) സംസ്ഥാനത്ത് നീരയുടെ ഉൽപാദനവും വിതരണവും നിയമ വിധേയമാക്കുക എന്ന ലക്ഷ്യത്തോടുകൂടി നീര റൂൾസ്-2014 നിലവിൽ വരുകയുണ്ടായി. ആയതിൻ പ്രകാരം സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി ആർക്കൊക്കെ അനുമതി നൽകാം, ലൈസൻസ് നൽകേണ്ട ഉദ്യോഗസ്ഥൻ, നീര നിയമം ലംഘിക്കുമ്പോൾ ലഭിക്കുന്ന ശിക്ഷ തുടങ്ങിയ കാര്യങ്ങളാണ് നീര റൂൾസ് 2014-ൽ ഉൾപ്പെട്ടിട്ടുള്ളത്.

(സി) The Kerala Sweet Toddy (NEERA) Rules 2014 നിലവിൽ വന്നതോടുകൂടി സംസ്ഥാനത്തെ നീര ഉത്പാദനം നിയമ വിധേയമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ നീര ഉൽപ്പാദനത്തിനും വിതരണത്തിനും ലൈസൻസ് നൽകുന്നത് ബന്ധപ്പെട്ട ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരാണ്. നീര ലൈസൻസ് നൽകുന്നതിനെ തുടർന്ന് ആയത് നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പൂർണ്ണമായും എക്സൈസ് വകുപ്പിന് അധികാരം നൽകിയിട്ടുണ്ട്.

തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിന് വകുപ്പുകളുടെ ഏകോപനം

11 (*10) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. ബഷീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) തെരുവ് നായ്ക്കൾ നഗരഗ്രാമഭേദമന്യേ സൃഷ്ടിക്കുന്ന നാനാതരമായ ഭീഷണി നേരിടാൻ ആരോഗ്യ, നഗരവികസന, ഗ്രാമവികസന, റവന്യൂ വകുപ്പുകളെ ഏകോപിത പ്രവർത്തനം അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ ;

(ബി) തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിന് നഗരകാര്യ വകുപ്പ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ വിജയപ്രദമാകാത്ത സാഹചര്യത്തിൽ ഇവയുടെ ജനന നിയന്ത്രണത്തിന് ഓറൽ മെഡിസിൻ പ്രായോഗികമാണോ എന്ന ഗവേഷണത്തിനും, ആക്രമണത്തിന് ഇരകളാകുന്നവർക്ക് ആന്റി റാബീസ് വാക്സിൻ ഉടനെ നൽകുന്നതിനും ആരോഗ്യവകുപ്പിന്റെ പങ്കാളിത്തം ഉറപ്പാക്കുമോ ;

(സി) ഇത് ഒരു അസാധാരണ ദുരന്തമായി പരിഗണിച്ച് ആക്രമണത്തിന് ഇരകളാകുന്നവർക്ക് സഹായം നൽകാനും തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണത്തിന് നടപടികൾ സ്വീകരിക്കാനും റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) തെരുവ് നായ്ക്കൾ സൃഷ്ടിക്കുന്ന ഭീഷണികൾ നേരിടുന്നതിലേക്കായി വിവിധ വകുപ്പുകൾ ഏകോപിച്ച് പ്രവർത്തിക്കുന്നുണ്ട്. തെരുവ് നായ്ക്കളുടെ നിയന്ത്രണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടിട്ടുണ്ട്. നായ്ക്കളുടെ കടിയേറ്റ് വരുന്നവർക്കുള്ള ചികിത്സാസൗകര്യങ്ങൾ ആശുപത്രികളിൽ മെച്ചപ്പെടുത്തിയിട്ടുണ്ട്. പേവിഷബാധക്കെതിരെ മരുന്നുകൾ, ആന്റി റാബീസ് വാക്സിൻ തുടങ്ങിയവ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. പേവിഷബാധ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ ആരോഗ്യവകുപ്പ് നടത്തുന്നുണ്ട്.

(ബി) തെരുവ് നായ്ക്കളുടെ നിയന്ത്രണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ പൂർണ്ണമായും വിജയപ്രദമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ കെ.എസ്.യു.ഡി.പി.-യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന എ.ബി.സി.-എ.ആർ. പദ്ധതി ഫലപ്രദമായിട്ടുണ്ട്. സമാനമായ പദ്ധതി കൊല്ലം ജില്ലയിൽ നടപ്പാക്കാൻ ജില്ലാ കളക്ടർ ശിപാർശ നൽകിയിട്ടുണ്ട്. ജനന നിയന്ത്രണത്തിന് ഓറൽ മെഡിസിൻ പ്രയോഗിക്കണമോ എന്നത് മൃഗസംരക്ഷണ വകുപ്പ് പരിശോധിച്ചുവരികയാണ്. ആക്രമണത്തിന് ഇരയാകുന്നവർക്ക് വേണ്ട ആന്റി റാബീസ് വാക്സിൻ സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്.

(സി) തെരുവ് നായ്ക്കളുടെ ആക്രമണം ഒരു അസാധാരണ ദുരന്തമായി പരിഗണിക്കാൻ നിലവിലെ വ്യവസ്ഥകൾ അനുവദിക്കുന്നില്ല. എന്നാൽ നായ്ക്കളുടെ ആക്രമണംമൂലം പരുക്കേൽക്കുന്നവർക്ക് സഹായവും ചികത്സയും നൽകുന്നതിന് സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. നിലവിൽ തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലാണ്.

ദേശീയ ഗെയിംസിലെ അധികച്ചെലവ്

12 (*11) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ദേശീയ ഗെയിംസിന്റെ ഒരുക്കങ്ങൾ വൈകിയതിനാൽ അധിക ചെലവ് ഉണ്ടാക്കിയെന്ന ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly